**പതിനാലാം കേരള നിയമസഭ**

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1692

31.01.18 - ൽ മറുപടിക്ക്.

## കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. യു. പ്രതിഭ ഹരി<br>ശ്രീ. സി.കെ.ശശീന്ദ്രൻ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.കെ.ബാബു | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; | (എ) ഉണ്ട്. |
| (ബി) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ, കർഷകർക്ക് സഹായകരമായ പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ; | (സി) കർഷക കൂട്ടായ്മയിലൂടെ രൂപീകരിച്ചിട്ടുള്ള പ്രൊഡ്യൂസർ കമ്പനിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:-<br>• കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ നേരിട്ട് കമ്പനിയ്ക്ക് തന്നെ വിൽക്കുന്നതുവഴി ഇടനിലക്കാരെ ഒഴിവാക്കി പരമാവധി ലാഭം ലഭിക്കുവാനും തദ്വാരാ സ്ഥായിയായ വരുമാനം ലഭിക്കുവാനും സാധിക്കുന്നു.<br>• ഉത്പാദന ചെലവ് കുറയ്ക്കുവാൻ സാധിക്കുന്നു.<br>• കർഷകർ തന്നെ കമ്പനിയുടെ ബോർഡ് ഓഫ് ഡയറക്ടർ, ചെയർമാൻ, മാനേജിംഗ് ഡയറക്ടർ തുടങ്ങിയ പദവികൾ വഹിക്കുന്നതിനാൽ സ്ത്രീ ശാക്തീകരണമെന്ന കുടുംബശ്രീയുടെ ഉദ്ദേശ്യ ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുന്നു.<br>• കർഷക ക്ഷേമം മുൻനിർത്തിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതു വഴി ക്ഷേമ പെൻഷൻ, ഇൻഷ്വറൻസ് എന്നിവ നൽകുവാൻ സാധിക്കും.<br>• വിവിധ ഉറവിടങ്ങളിൽ നിന്നുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുക, തുടർ പ്രവർത്തനങ്ങളിലൂടെ കർഷകരുടെ സാമ്പത്തിക ശാക്തീകരണം എന്ന കുടുംബശ്രീയുടെ ലക്ഷ്യം നേടിയെടുക്കുക.. |
| (ഡി) മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും അതുവഴി കർഷകർക്ക് സുസ്ഥിര വരുമാനം ഉറപ്പുവരുത്തുന്നതിനും ഇത്തരം ഉത്പാദക സംഘങ്ങൾ എപ്രകാരം സഹായകമാകുന്നു എന്ന് വ്യക്തമാക്കാമോ? | (ഡി) കമ്പനി എന്ന നിലയിൽ രൂപീകരിക്കുന്നതിനാൽ ഇത്തരം ഉത്പാദക സംഘങ്ങൾക്ക് അവരുടെ ഉത്പന്നങ്ങൾ പൊതു ബ്രാൻറിൽ വിറ്റഴിക്കുവാൻ സാധിക്കുന്നു. ഉത്പന്നങ്ങൾ വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനും വൻതോതിൽ വിറ്റഴിക്കുന്നതിനും ഇത്തരത്തിലുള്ള ഉത്പാദക സംഘങ്ങൾക്ക് സാധിക്കുന്നു. കൂടാതെ ഉത്പാദക സംഘങ്ങൾക്ക് അവരുടെ ലാഭ വിഹിതത്തിന്റെ നിശ്ചിത ശതമാനം അംഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി മാറ്റി വയ്ക്കുന്നതിനും കഴിയുന്നു. |

സെക്ഷൻ ഓഫീസർ